ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

LSGD/PD/22474/2024-SWAG1 തീയതി: 29-01-2025

**സർക്കുലർ**

വിഷയം : ത.സ്വ.ഭ.വ. - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ - നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. 17.03.2023ലെ G.O.(Rt)No.639/2023/LSGD നമ്പർ ഉത്തരവ്
2. 21.03.2023 തീയതിയിലെ GO(Rt.)No. 673/2023/LSGD
3. 20.05.2023ലെ G.O.(Rt)No.1068/2023/LSGD നമ്പർ ഉത്തരവ്
4. 24.07.2023ലെ നം.WM3/173/2022-LSGD നമ്പർ സർക്കുലർ
5. 04.08.2023ലെ നം.WM3/139/2023-LSGD നമ്പർ സർക്കുലർ
6. 11.12.2023ലെ G.O.(Rt)No.2450/2023/LSGD നമ്പർ ഉത്തരവ്
7. ഈ ഓഫീസിലെ 17.07.2024 ലെ ഇതേ നമ്പർ സർക്കുലർ
8. 03.01.2025ലെ നം.WM3/492/2024-LSGD നമ്പർ സർക്കുലർ
9. 05.01.2025ലെ നം.WM3/484/2024-LSGD നമ്പർ സർക്കുലർ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് സ്ക്വാഡുകളുടെയും, ജില്ലകളിൽ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടേയും നടപടികൾ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് സൂചന(7) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മാലിന്യ സംസ്കരണ മേഖലയിലെ നിയമലംഘനങ്ങൾ പരിശോധിക്കുന്നതിന് IVO മാരെ ചുമതലപ്പെടുത്തി സൂചന(9) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി മേഖലയിലെ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എല്ലാ ജില്ലകളിലെയും തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും, ഹെൽത്ത് / എൻഫോർസ്മെന്റ് ഉദ്യോഗസ്ഥർക്കും നിയമ നടപടികൾ സംബന്ധിച്ച് ദ്വിദിന പരിശീലനം നൽകിയിരുന്നു. എന്നിട്ടും മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചകൾ വന്നതായി കാണുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് മണ്ണും ജലവും വായുവും മലിനപ്പെടുത്തുന്നവർക്കെതിരെ കേരളാ മുനിസിപ്പാലിറ്റി ആക്ട്, കേരളാ പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി, ബൈലാകൾ, എന്നിവ പ്രകാരം നിയമാനുസൃത പിഴ, പ്രോസിക്യൂഷൻ എന്നിവയുൾപ്പടെയുള്ള നടപടികൾ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കുന്നുവെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പാക്കേണ്ടതും ആയതു സംബന്ധിച്ച വിവരങ്ങൾ പ്രതിവാര റിപ്പോർട്ടായി സമർപ്പിക്കേണ്ടതുമാണ്. പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ രൂപീകരിച്ചിട്ടുള്ള വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയറ്റ് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതുമാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അവയുടെ

ഫലപ്രദമായ നിരീക്ഷണത്തിനുമായി ചുവടെ ചേർക്കുന്ന ചുമതലകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതാണ്.

**I. വിജിലൻസ് സ്ക്വാഡ് പ്രവർത്തനം**

1. സൂചന (4) പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നു എന്ന് ജോയിന്റ് ഡയറക്ടർമാർ ഉറപ്പാക്കണം.

**III. ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്**

1. സൂചന (2), (4) പ്രകാരം എല്ലാ ജില്ല എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെയും പ്രവർത്തനം നടക്കുന്നു എന്ന് ജോയിന്റ് ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനെറ്റർമാർ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ,അഥവാ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പിസിബി, പോലീസ് എന്നിവർ പരിശോധനാ ടീമിന്റെ ഭാഗമായി പ്രവർത്തിക്കേണ്ടതാണ്.

**III ഐ.വി.ഒ.സ്ക്വാഡ്**

1.. ഐ.വി.ഒ.മാർക്കു ചുമതലയുള്ള തദ്ദേശ സ്ഥാപനങ്ങളിൽ IVO മാർ നേതൃത്വം നൽകുന്ന സ്ക്വാഡിൽ ജോയിന്റ് ബി.ഡി.ഒ, ജി.ഇ,ഒ, ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ/ പ്രതിനിധി, തദ്ദേശ സ്ഥാപന സെക്രട്ടറി/ ഉദ്യോഗസ്ഥൻ എന്നിവർ (BWG ഉൾപ്പടെ) പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതിനും ആയതിന്റെ റിപ്പോർട്ട് ജില്ല ജോയിന്റ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. പരിശോധനക്ക് ആവശ്യമായ വാഹനം അതതു ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

ഓരോ ജില്ലയിലെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രതിവാര റിപ്പോർട്ട് ജില്ല ജോയിന്റ് ഡയറക്ടർ ക്രോഡീകരിച്ച് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
Seeram Sambasiva Rao IAS
PRINCIPAL DIRECTOR

**പകർപ്പ്:** എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

**Signed by Seeram Sambasiva Rao**
**Date: 29-01-2025 09:31:28**